ആശുപത്രി കെട്ടിടങ്ങളുടെ പണി.

* 950. [13] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തികവർഷത്തിൽ (1964-65) ഏതെല്ലാം താലൂക്ക് ഹെഡ്കാർട്ടേഴ്സിൽ പുതുതായി ആസ്പത്രി കെട്ടിടങ്ങൾ പണിയുന്നതിനും നിലവിലുള്ള ഡിസ്പെൻസറികളെ ആസ്പത്രികളായി ഉയർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്;

(ബി) അപ്രകാരം തീരുമാനിച്ചിട്ടുള്ളതിൽ ചെങ്ങന്നൂർ താലൂക്ക് ഹെഡ്കാർട്ടേഴ്സിലെ ഡിസ്പെൻസറിയും ഉൾപ്പെടുമോ;

(സി) ഇല്ലെങ്കിൽ ചെങ്ങന്നൂർ താലൂക്ക് ഹെഡ്കാർട്ടേഴ്സിലുള്ള ഗവണ്മെൻറ് ഡിസ്പെൻസറിയോടനുബന്ധിച്ച് ഒരു പുതിയ കെട്ടിടം കൂടെ സ്ഥാപിക്കുന്നതിനും, നിലവിലുള്ള ഡിസ്പെൻസറിയെ ഒരു ആശുപത്രിയാക്കി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ എടുക്കാൻ ദയവുണ്ടാകുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം പി. ഗോവിന്ദൻ നായർ):

ബഡ്ജറ്റ് പാസ്സാക്കുന്നതിനു മുമ്പ് തയ്യാറാക്കിയ ഉത്തരമാണ് ഞാൻ പറയുന്നത്.

(എ) 1964–65 ബഡ്ജറ്റ് പാസ്സായതിൻെറ ശേഷമേ ഇതു തീരുമാനിക്കുകയുള്ളൂ.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) നടപടികൾ എടുത്തുവരുന്നുണ്ട്.

അഴിമതി ആരോപണങ്ങൾ.

* 951. [14] ശ്രീ.കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിരോധന നിയമത്തിൻെറ പരിധിയിൽ സഹകരണ സംഘങ്ങളിലെ ഔദ്യോഗിക ഭാരവാഹികൾ, സ്റ്റോർ മാനേജരന്മാർ, തുടങ്ങിയവരെ ഉൾപ്പെടുത്തിയതിനു ശേഷം പുതുതായി ഉൾപ്പെടുത്തപ്പെട്ട ഏതെങ്കിലും വിഭാഗത്തിൽപെട്ട ആളുകളുടെ മേലുള്ള ഏതെങ്കിലും അഴിമതി ആരോപണങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഈ നിയമമനുസരിച്ച് ഏതെങ്കിലും സഹകരണ സംഘത്തിലെ ഔദ്യോഗിക ഭാരവാഹികളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സഹകരണ സംഘങ്ങളിലെ ഔദ്യോഗിക ഭാരവാഹികളെപ്പറ്റിയാണ് അന്വേഷണം നടത്തിയത്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി) പ്രാഥമികാന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

(സി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള: ഈ അന്വേഷണത്തിൽ എത്ര കേസുകളിൽ ആരോപണം ശരിയാണെന്നു തെളിഞ്ഞിട്ടുണ്ട്?

---

* Appendix III

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.ആർ. ശങ്കർ: അതിന്റെ ശരിയായ എണ്ണം പറയുവാനൊക്കുകയില്ല. ചില കേസുകളിൽ മേൽ നടപടിക്കായി ഡിപ്പാർട്ടുമെന്റിനയച്ചിട്ടുണ്ട്.

ശ്രീ. എം.നാരായണക്കുറുപ്പ്: ഈ നിയമം എന്നുമുതലാണ നടപ്പിൽവരുന്നത്? ഈ കൊല്ലം ഫെബ്രുവരിയിൽ വിദ്യാർത്ഥികളെ ചേർക്കുന്നതിന് 30 കുട്ടികളോട് കൈക്കൂലിയോ പണമോ ആവശ്യപ്പെട്ടതായി കുട്ടികളുടെ രക്ഷിതാക്കന്മാർ ആവലാതിപ്പെട്ടിട്ടുണ്ട്, ഞാൻ തന്നെ സ്ഥലത്തുപോയി അന്വേഷിച്ച് കാര്യം ശരിയാണെന്നു കണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നു. അതിൽ എന്തെങ്കിലും അന്വേഷണം നടത്തിക്കഴിഞ്ഞുവോ?

ശ്രീ. ആർ. ശങ്കർ: അതു് ഇപ്പോൾ ഓർമ്മയിൽ നിന്നേ പറയുവാനൊക്കുകയുള്ളു. ആ ആക്ഷേപത്തിൽ കാര്യമായ ശുദ്ധ പതിപ്പിച്ച് ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിനയച്ചിട്ടുണ്ടെന്നോണ് എന്റെ ഓർമ്മ. കൂടുതൽ എന്തെങ്കിലും അറിയണമെങ്കിൽ പ്രത്യേകം ചോദ്യം ചോദിക്കണം.

മേജർ പാലങ്ങൾ

* 952. [15] ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: താഴെകാണുന്നചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963 ഡിസംബർ 31-ാം തീയതിക്ക് സ്റ്റേറ്റിൽ പ്രവൃത്തി പൂർത്തിയാക്കിയ മേജർ പാലങ്ങൾ എത്രയുണ്ട്; ഏതൊക്കെ;

(ബി) കൺട്രാക്ടന്മാരുടെ സംഖ്യ മുഴുവൻ കൊടുത്തുകഴിഞ്ഞുവോ;

(സി) എല്ലാ പാലങ്ങളുടേയും അപ്രോച്ച് റോഡ് പ്രവൃത്തി പൂർത്തിയായോ;

(ഡി) കാര്യക്കോട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തിക്ക് ആരാണ കരാറെടുത്തത്;

(ഈ) പ്രവൃത്തിയെപ്പറ്റിയും കരാറുകാരനെപ്പറ്റിയും എക്സിക്യൂട്ടിവ് എഞ്ചിനീയർ വല്ല റിപ്പോർട്ടും അയച്ചിട്ടുണ്ടോ;

(എഫ്) ആ കൺട്രാക്ടറെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തുമെന്ന് നോട്ടീസു കൊടുത്തുവോ;

(ജി) എങ്കിൽ കാരണമെന്താണ്;

(എച്ച്) പ്രസ്തുത കരാറുകാരൻ വീണ്ടും കരാറു ജോലി ചെയ്തുവരുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ,ബി,സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശ്രീ. എം. വി. കൃഷ്ണൻ,

(ഈ) ഇല്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ഈ കൺട്രാക്ടറെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തിയിട്ടില്ലാത്തതുകൊണ്ട് ജോലികളും ഏറ്റെടുത്തു നടത്തുന്നതിൽ നിന്നും തടഞ്ഞിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ: മേജർ പാലങ്ങൾ എന്നുപറയുന്നതു് എത്ര സംഖ്യയ്ക്കു മേൽ ചെലവു വരുന്ന പാലങ്ങളാണ്?

ശ്രീ. പി. പി. ഉമ്മർകോയ: ഒരു ലക്ഷത്തിനുമേൽ ചെലവു വരുന്ന പാലങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please see answer to Starred Question No.* 951 (14)]

List of Societies

1 Co-operative Society No. 3748, East Kallada.
2 do No. 1857, Mahadevikkad.
3 Co-operative Society, West Kallada.
4 do No. Q. 236, Pozhakulam Adoor.
5 do No. 13, Edathua.
6 do No. 3254, Kynadi.
7 Coir Business Co-operative Society No. 64, Kalavur.
8 Co-operative Society No. 1887, Karthigapally.
9 Service Co-operative Society No 1048, Vidura.
10 Coir Co-operative Society No. 304, Chirayinkil.
11 Industrial Co-operative Society No. 3418, Neyyattinkara.
12 Co-operative Society No. 4005, Malayadi.
13 Handloom Weaving Co-operative Society, Pathancode.
14 Ceramics Industrial Co-operative Society No. 31, North parur.
15 Co-operative Society No. 3280, Trichur.
16 Irinjalakuda Village Group Co-operative Bank No. R. 188.
17 A Person who is the President of a number of Co-operative Societies and Co-operative Banks.

LIBRARY ARCHIVES Kerala Legislative Assembly